**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.776</u> <u>11.07.2016-ലെ മറുപടിക്ക്</u>

## കച്ചേരിക്കടവ്, ചുങ്കക്കുന്ന് പാലങ്ങളുടെ നിർമ്മാണം

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. ജി. സുധാകരൻ**<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ). പേരാവൂർ നിയോജക മണ്ഡലത്തിലെ കച്ചേരിക്കടവ്, ചുങ്കക്കുന്ന് പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിനെത്തുടർന്ന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഈ പാലങ്ങൾ സമയബന്ധിതമായി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) ചുങ്കക്കുന്ന് പാലത്തിന്റെ ഭരണാനുമതി നൽകിയതിനെ തുടർന്ന് സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന ലഭിച്ചത് ചില ന്യൂനതകൾ പരിഹരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് തിരികെ നൽകിയിരിക്കുകയാണ്. ആയത് ന്യൂനതകൾ പരിഹരിച്ച് തിരികെ ലഭിയ്ക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. കച്ചേരിക്കടവ് പാലം നിർമ്മാണത്തിന് 890 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിയ്ക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**